# ECHO OF HIS CALL

MALAYALAM

വിളിയുടെ പ്രതിധ്വനി

*India's National Spiritual Newspaper*

₹ 10/-

REACHING NATIONS

Published monthly in ENGLISH, TAMIL, MALAYALAM, TELUGU, HINDI, KANNADA, MARATHI, BENGALI, GUJARATI, ODIYA, ASSAMESE, PUNJABI, NEPALI, URDU, SINHALA & AFRIKAN

Editor : S. SAM SELVA RAJ | 16 Languages | Associate Editor : Ev. BENJAMIN MOSES

Vol. XXIX | SEPTEMBER 2023 | No. 11


## വിശുദ്ധ വേദപുസ്തകം

ദയവായി ഈ ഭാഗം മനഃപാഠമാക്കുക

**സങ്കീർത്തനങ്ങൾ 101:1-8**

01. ഞാൻ ദയയെയും ന്യായത്തെയും കുറിച്ചു പാടും; യഹോവേ, ഞാൻ നിനക്കു കീർത്തനം പാടും.

02. ഞാൻ നിഷ്കളങ്കമാർഗ്ഗത്തിൽ ശ്രദ്ധവെക്കും; എപ്പോൾ നീ എന്റെ അടുക്കൽ വരും? ഞാൻ എന്റെ വീട്ടിൽ നിഷ്കളങ്കഹൃദയത്തോടെ പെരുമാറും.

03. ഞാൻ ഒരു നീചകാര്യം എന്റെ കണ്ണിന്നു മുമ്പിൽ വെക്കുകയില്ല; ക്രമം കെട്ടവരുടെ പ്രവൃത്തിയെ ഞാൻ വെറുക്കുന്നു; അതു എന്നോടു ചേർന്നു പറ്റുകയില്ല.

04. വക്രഹൃദയം എന്നോടു അകന്നിരിക്കും; ദുഷ്ടതയെ ഞാൻ അറികയില്ല.

05. കൂട്ടുകാരനെക്കുറിച്ചു ഏഷണി പറയുന്നവനെ ഞാൻ നശിപ്പിക്കും; ഉന്നതഭാവവും നിഗളഹൃദയവും ഉള്ളവനെ ഞാൻ സഹായിക്കയില്ല.

06. ദേശത്തിലെ വിശ്വസ്തന്മാർ എന്നോടുകൂടെ വസിക്കേണ്ടതിന്നു എന്റെ ദൃഷ്ടി അവരുടെ മേൽ ഇരിക്കുന്നു; നിഷ്കളങ്കമാർഗ്ഗത്തിർ നടക്കുന്നവൻ എന്നെ ശുശ്രൂഷിക്കും.

07. വഞ്ചന ചെയ്യുന്നവൻ എന്റെ വീട്ടിൽ വസിക്കയില്ല; ഭോഷ്കു പറയുന്നവൻ എന്റെ മുമ്പിൽ ഉറെച്ചുനിൽക്കയില്ല.

08. യഹോവയുടെ നഗരത്തിൽനിന്നു സകല ദുഷ്പ്രവൃത്തിക്കാരെയും ഛേദിച്ചുകളയേണ്ടതിന്നു ദേശത്തിലെ ദുഷ്ടന്മാരെ ഒക്കെയും ഞാൻ രാവിലെതോറും നശിപ്പിക്കും.



# ഭയപ്പെടേണ്ട!

## FEAR NOT!

### – യെശയ്യാവ് 41:10

## നിങ്ങളുടെ വിടുതലിനായുള്ള സന്ദേശം! ശ്രദ്ധിച്ച് വായിക്കുവിൻ!!

### പാസ്റ്റർ. എസ്. സാം സെൽവരാജ്

ചില ആളുകൾ ഇങ്ങനെ പറയാറുണ്ട്: "ഞാൻ രാവിലെ ഉണരുന്നത് വിവരിക്കാൻ കഴിയാത്ത ശാരീരികവും മാനസികവും കുടുംബപരവുമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കാനാണ്". പ്രശ്നങ്ങളുടെ മേൽ പ്രശ്നങ്ങളുമായി ഭാരപ്പെട്ട് പലരും കഴിയുന്നു. പലപ്പോഴും അവർ പറയുന്നത്: "ഇതൊന്നും നേരിടാൻ എനിക്കു കഴിയുകയില്ല. എന്റെ പ്രശ്നങ്ങൾ എന്നെ കീഴ്പ്പെടുത്തുകയാണ്. ഇതിനെയൊക്കെ നേരിടുവാനുള്ള ശക്തി എനിക്കില്ല, ഞാൻ ഇതൊക്കെ എങ്ങനെ പരിഹരിക്കും?" നിങ്ങളും ഇതുപോലെയായിരിക്കും ചിന്തിക്കുന്നത്!

ദിനംതോറും അനേകം പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടിവരുന്ന അനേകം വിശുദ്ധന്മാരുടെ കത്തുകൾ ഞങ്ങൾക്കു ലഭിക്കാറുണ്ട്. ചില ദിവസങ്ങൾക്കുമുമ്പ് ഇതുപോലെയുള്ള കത്തുകളുമായി ദിവസിന്റെ പകുതിയോളം ഞാൻ ഇരുന്നു:

ഒരു വിശ്വാസിയായ വനിത അറിയിച്ചത്: "ഞാൻ വിവാഹം കഴിഞ്ഞിട്ട് 35 വർഷമായി. ഞാൻ ഒരു അമ്മൂമ്മയുമാണ്. ഞങ്ങളുടെ കുടുംബത്തെ എന്റെ ഭർത്താവ് നശിപ്പിച്ചിരിക്കുകയാണ്. അദ്ദേഹം അഭിഷേകം ഉള്ള ദൈവദാസനും ദൈവം നന്നായി ഉപയോഗിച്ച വ്യക്തിയുമായിരുന്നു. ആ ആത്മീയ തീ ഇപ്പോൾ നശിച്ചിരിക്കുകയാണ്. ദയവായി അദ്ദേഹത്തിനും

*3-ാം പേജിൽ തുടരും...*




## വിളിയുടെ പ്രതിധ്വനി

*യു ട്യൂബ് ക്രിസ്തീയ ചാനൽ!*

**പാസ്റ്റർ സാം സെൽവരാജുമൊത്ത് പ്രാർത്ഥിക്കാൻ അവസരം!**

**5 മിനിട്ട് ദൈർഘ്യമുള്ള സന്ദേശം, പ്രാർത്ഥന!!**

**ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, തെലുങ്ക്**

**എല്ലാ ദിവസവും 5.00 am**

**തമിഴ് ഞായർ ആരാധന– 8.30 am**

# ECHO OF HIS CALL - (1969-2019 GOLDEN JUBILEE YEAR)



## *from your dearly beloved brother...*



> **"കുറഞ്ഞവൻ ആയിരവും ചെറിയവൻ മഹാജാതിയും ആയിത്തീരും; യഹോവയായ ഞാൻ തക്ക സമയത്തു അതിനെ ശീഘ്രമായി നിവർത്തിക്കും"**
>
> **– യെശയ്യാവ് 60:22**

കർത്താവിൽ പ്രീയ ദൈവമക്കളേ,

നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ അതുല്ല്യ നാമത്തിൽ സ്നേഹത്തോടെ നിങ്ങൾക്കു വന്ദനം അർപ്പിക്കുന്നു.

നിങ്ങൾ നന്നായിരിക്കുന്നു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾ ദിവസവും നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ദൈവം നിങ്ങളോടുകൂടെയുള്ളതിനാൽ ധൈര്യത്തോടിരിപ്പിൻ.

ശുശ്രൂഷാസംബന്ധമായ ഞങ്ങളുടെ യാത്രകളിലും പ്രവർത്തനങ്ങളിലും പരിശ്രമങ്ങളിലുമെല്ലാം ദൈവത്തിന്റെ ശക്തിയേറിയ കരം ഞങ്ങളെ നയിക്കുന്നു. കർത്താവായ യേശുക്രിസ്തു പകലും രാത്രിയുമായുള്ള ഞങ്ങളുടെ എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങളോടൊപ്പമുണ്ട്. സ്വർഗ്ഗസ്ഥനായ ദൈവം നിങ്ങളെയും സമൃദ്ധിയായി അനുഗ്രഹിക്കുമാറാകട്ടെ.

ഞങ്ങളുടെ ശുശ്രൂഷയിൽ അനേകം ദൈവദാസന്മാരുണ്ട്, അവരിൽ പലരും അവരുടെ കുടുംബാംഗങ്ങളും രോഗികളായിട്ടുണ്ട്. അതിനാൽ അവരുടെ ഉത്തരവാദിത്തങ്ങൾ പൂർണ്ണമായും നിറവേറ്റാൻ കഴിയാതെ വരുന്നു. ഈ വിഷയത്തിൽ നിങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥന ഞങ്ങൾ ആവശ്യപ്പെടുന്നു. ഇത് അത്യാവശ്യമായതാണ്.

ഓരോ മാസവും വളരെ ഉത്തരവാദിത്വത്തോടെ നിങ്ങൾക്ക് അയച്ചുതരുന്ന **വിളിയുടെ പ്രതിധ്വനി** മാസിക പലർക്കും ലഭിക്കുന്നില്ല എന്ന് ശ്രദ്ധയിൽ പെട്ടിട്ടുള്ളതിൽ ഞങ്ങൾ സങ്കടത്തോടെ ആയിരിക്കുന്നു.

എന്താണ് സംഭവിക്കുന്നത് എന്നു മനസ്സിലാക്കുവാൻ ഞങ്ങൾ പരമാവധി ശ്രമിക്കുന്നുണ്ട്. **വാതിൽ പൂട്ടിയിരിക്കുന്നു, താമസം മാറി, മരണപ്പെട്ടു, നിരസിച്ചു** എന്നിങ്ങനെ പറഞ്ഞാണ് ഇവയൊക്കെ മടങ്ങിവരുന്നത്. ഈ കാരണങ്ങൾ തെറ്റാണെന്നു ഞങ്ങൾ പിന്നീട് മനസ്സിലാക്കി. പ്രീയമുള്ളവരേ, നിങ്ങൾ ഞങ്ങൾക്കു പ്രീയരായതിനാൽ നിങ്ങളുമായുള്ള കൂട്ടായ്മ അവസാനിപ്പിക്കുവാൻ ഞങ്ങൾക്ക് ആഗ്രഹമില്ല. അതിനാൽ നിങ്ങൾക്കോ സുഹൃത്തുക്കൾക്കോ നിശ്ചിത കാലയവിനുള്ളിൽ മാസിക ലഭിക്കുന്നില്ല എങ്കിൽ കത്ത്, ഇമെയിൽ, വാട്ട്സ്ആപ്, എസ്.എം.എസ്., ഫോൺ എന്നീ മാർഗങ്ങളിലൂടെ ഞങ്ങളെ അറിയിക്കുവിൻ. നിങ്ങളുടെ വിലാസം മാറിയിട്ടുണ്ടെങ്കിൽ നിങ്ങളുടെ പഴയ വിലാസവും പുതിയ വിലാസവും ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക അയച്ചുതരുന്നതാണ്. നിങ്ങളുടെ ഇമെയിലും ഞങ്ങളെ അറിയിക്കുവിൻ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

16 ഭാഷകളിലുള്ള **വിളിയുടെ പ്രതിധ്വനി** മാസിക വളരെയധികം ശ്രമകരമായി തപാലിലൂടെയും ഇമെയിലിലൂടെയും കൃത്യമായി താഴെ കൊടുത്തിരിക്കുന്ന തീയതികളിൽ അയയ്ക്കുന്നുണ്ട്.

| | | | |
|---|---|---|---|
| 01. | തമിഴ് | – | തലേമാസം 28–ാം തിയതി. |
| 02. | ഇംഗ്ലീഷ് | – | എല്ലാ മാസവും 2–ാം തിയതി |
| 03. | സിൻഹള | – | എല്ലാ മാസവും 2–ാം തിയതി |
| 04. | ആഫ്രിക്കൻസ് | – | എല്ലാ മാസവും 4–ാം തിയതി |
| 05. | മലയാളം | – | എല്ലാ മാസവും 4–ാം തിയതി |
| 06. | തെലുങ്ക് | – | എല്ലാ മാസവും 6–ാം തിയതി |
| 07. | ഹിന്ദി | – | എല്ലാ മാസവും 9–ാം തിയതി |
| 08. | കന്നട | – | എല്ലാ മാസവും 10–ാം തിയതി |

### ഞങ്ങളുടെ നിയോഗം

പ്രാചീന അപ്പൊസ്തലരുടെ ഉപദേശങ്ങൾ ആനുകാലിക തലമുറയ്ക്കു മായമില്ലാതെ വ്യാഖ്യാനം ചെയ്ത് പഠിപ്പിക്കുക എന്നതാണ് ഞങ്ങളുടെ ധർമ്മം. അതാണ് ഈ നിമിഷത്തിന്റെ ആവശ്യവും.

**CHIEF EDITOR**
Pastor Alex Samson Sam, B.Th., M.Div.

**ADMINISTRATION**
Bro. N. Prakasam, M.A., General Manager
Dr. Rabinder Boaz, M.S.
Bro. K. Puratchivendan

**EDITORIAL BOARD**
Sis. Jesy Veena Sam
Sis. Serena Bevin, M.A., M.Phil., B.Ed.
Dr. A. Richard Samuel, M.A., Ph.D.
Rev. Dr. K.R. Rajasekaran

**EDITOR, PUBLISHER & PRINTER**
Pastor S. SAM SELVA RAJ
Echo of His Call Printers
10, Mohammed Abdullah 2nd Street,
Chepauk, Chennai- 600 005, India.
Phone : (+ 91- 44) 2852 8282, 2852 9293, 2854 7766
Cell : (+91) 98410 71852, 95661 31858

**E.mail ID**
sam@echoofhiscall.org
biblecor@yahoo.co.in

**WEBSITES**
www.echoofhiscall.org
www.stpaulsmatriculation.com

**YOUTUBE CHANNEL**
Echo of His Call

**Our Ministries:** ECHO OF HIS CALL Monthly Magazines (16 languages) ◘ BIBLECOR - Postal Courses (3 languages) ◘ Media Ministry ◘ Online Courses ◘ Theological Correspondence Courses (2 languages) ◘ Church Planting ◘ Nehemiah Bible Colleges ◘ Gospel Printing Press ◘ Great Commission Partners ◘ St. Paul's Matriculation School ◘ Crusades ◘ Community Development

| | | | |
|---|---|---|---|
| 09. | മറാഠി | – | എല്ലാ മാസവും 12-ാം തിയതി |
| 10. | ആസ്സാമീസ് | – | എല്ലാ മാസവും 12-ാം തിയതി |
| 11. | ബംഗാളി | – | എല്ലാ മാസവും 14-ാം തിയതി |
| 12. | ഉർദു | – | എല്ലാ മാസവും 14-ാം തിയതി |
| 13. | നേപ്പാളി | – | എല്ലാ മാസവും 16-ാം തിയതി |
| 14. | ഗുജറാത്തി | – | എല്ലാ മാസവും 16-ാം തിയതി |
| 15. | ഒഡിയ | – | എല്ലാ മാസവും 18-ാം തിയതി |
| 16. | പഞ്ചാബി | – | എല്ലാ മാസവും 20-ാം തിയതി |

മുകളിൽ പറഞ്ഞിരിക്കുന്ന ദിവസങ്ങളിൽ തന്നെ ഞങ്ങളുടെ വെബ് സൈറ്റിലും (www.echoofhiscall.org) ഈ മാസികകൾ അപ്‌ലോഡ് ചെയ്യാറുണ്ട്. ഇതിലൂടെയും നിങ്ങൾക്ക് ഇത് വായിക്കുവാൻ സാധിക്കും. നിങ്ങൾക്ക് ഈ മാസിക ലഭ്യമാക്കുവാനായി 75-ലധികം പേർ പ്രവർത്തിക്കുന്നുണ്ട്. വിളിയുടെ പ്രതിധ്വനിയുടെ സന്ദേശങ്ങൾ എല്ലാം ഇംഗ്ലീഷിലാണ് തയ്യാറാക്കുന്നത്. തുടർന്ന് അസ്സോസിയേറ്റ് എഡിറ്റർമാർ 15 ഭാഷകളിലേക്ക് വിവർത്തനം ചെയ്ത്, ടൈപ്പ് ചെയ്ത്, ഇംഗ്ലീഷ് മാസികയുടെ അതേ രൂപത്തിൽ ലെഔട്ട് ചെയ്ത് അച്ചടിക്കുവാൻ അയച്ചു തരുന്നു.



ഇങ്ങനെ സെറ്റ് ചെയ്തുവരുന്ന മാസിക നമ്മുടെ അച്ചടി യന്ത്രത്തിൽ അച്ചടിച്ച് കൈകൊണ്ട് മടക്കി, ഏരിയാ തലത്തിലും സംസ്ഥാനതലത്തിലും തരംതിരിച്ച് കെട്ടുകളാക്കി, വാഹനത്തിൽ കയറ്റി, തപാൽ നിയമങ്ങൾ പാലിച്ച് തപാൽ ജീവനക്കാരുടെ അടുക്കൽ നിശ്ചയിക്കപ്പെട്ട തിയതികളിൽ എത്തിച്ച് ഓരോരുത്തർക്കായി അയയ്ക്കുന്നു. ഈ ശുശ്രൂഷക്കുവേണ്ടി പ്രവർത്തിക്കുന്ന 75 പ്രവർത്തകരെക്കുറിച്ച് ഓർക്കുവിൻ. ഭാഷയുടെയോ രാജ്യത്തിന്റെയോ സംസ്കാരത്തിന്റെയോ വ്യത്യാസമില്ലാതെ അനേകരുടെ ജീവിതത്തെ ഈ മാസിക സ്പർശിക്കുന്നതിനാൽ സാത്താൻ ഈ പ്രവർത്തകരെ ബാധിച്ച് ആത്മീയ യുദ്ധം അഭിമുഖീകരിക്കുവാൻ ഇടയാക്കുകയും ചെയ്യുന്നു. ഈ 75 പേർക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുമോ?

നിങ്ങൾ ഹൃദയത്തിൽ ചിന്തിച്ച് ഈ ശുശ്രൂഷയിൽ ഏതുവിധേനയെങ്കിലും ഭാഗമാകുവാൻ നിങ്ങൾ ശ്രമിക്കുവിൻ.

കോഡിനേറ്റർമാർ അവരവരുടെ ഭാഷകളിലെ മാസിക വായിച്ച് വിലയേറിയ അഭിപ്രായങ്ങളും നന്നാക്കുവാനുള്ള നിർദ്ദേശങ്ങളും ഓരോ മാസവും ഞങ്ങളെ അറിയിക്കുവാനായി അവർക്കു വേണ്ടിയും ഞങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കുവാനായി പ്രാർത്ഥനാ പങ്കാളികളെ ആവശ്യമാണ്.

നിങ്ങളുടെ അഭിപ്രായങ്ങൾക്കായി ഞങ്ങൾ കാത്തിരിക്കുന്നു. ഈ എഡിറ്റോറിയൽ നിങ്ങൾ വായിക്കുവാൻ കാണിച്ച സന്മനസ്സിനായി ഒരിക്കൽ കൂടി നന്ദിയർപ്പിക്കുന്നു.

ദൈവത്തിന്റെ സമാധാനം നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

ക്രിസ്തുയേശുവിൽ നിങ്ങളുടെ ശുശ്രൂഷകർ

**പാസ്റ്റർ സാം സെൽവരാജ്,**
**അലക്സ് സാംസൺ സാം**

(+91) 98412 71858 / 98410 71858
E.mail : samselvaraj333@gmail.com

*1-ാം പേജിന്റെ തുടർച്ച...*

എനിക്കുംവേണ്ടി പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു. ഇപ്പോൾ അദ്ദേഹത്തിന് എന്നോട് സ്നേഹമില്ല. ഞാൻ തീർത്തും ദുഃഖിതയാണ്."

ഈ സ്ത്രീയുടെ ജീവിതം ദുഃഖത്തിന്റെ ആവരണം അണിഞ്ഞിരിക്കുകയാണ്. എന്നാലും അവർക്ക് അദ്ദേഹത്തോട് ഇപ്പോഴും സ്നേഹമുണ്ട്. അദ്ദേഹം തന്റെ തെറ്റായ വഴികളെ ഉപേക്ഷിച്ച് ദൈവത്തിങ്കലേക്ക് മടങ്ങിവരുവാൻ അവർ ആഗ്രഹിക്കുന്നു. അവരുടെ വികാരങ്ങളൊക്കെയും ചോർന്നു പോയതിനാൽ അവർ ഇപ്പോൾ രോഗിയുമാണ്.

മറ്റൊരു സ്ത്രീ അറിയിച്ചത്: "കഴിഞ്ഞ ഏഴു വർഷമായി കുടൽ സംബന്ധമായ അസുഖത്തിൽ ഞാൻ വേദനപ്പെടുന്നു. എന്റെ ഭർത്താവും രോഗിയാണ്. അനാവശ്യമായി പണം ചെലവാക്കാറില്ലെങ്കിലും ഞങ്ങൾ സാമ്പത്തികമായി വലിയ ബുദ്ധിമുട്ടിലാണ്. എൺപത്തിഒൻപതു വയസ്സുള്ള എന്റെ പിതാവ് കാൻസർ രോഗത്താൽ ഭാരപ്പെടുന്നു. ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ അപേക്ഷിക്കുന്നു."

ഈ സ്ത്രീ തന്റെ രോഗികളായ പിതാവിനെയും ഭർത്താവിനെയും ശുശ്രൂഷിക്കുകയും തന്റെ ശരീരത്തിന്റെ വേദന സഹിക്കുന്നതോടൊപ്പം സാമ്പത്തികമായ അധിക ബുദ്ധിമുട്ടും അനുഭവിക്കുന്നു. അവൾ എത്രവട്ടം ഇങ്ങനെ വിളിച്ചു കരഞ്ഞിട്ടുണ്ടായിരിക്കും എന്നു ഞാൻ അതിശയിച്ചുപോകുകയാണ്. "പിതാവേ, എന്റെ ശത്രുക്കൾ ബലവാന്മാരാണ്. രോഗാവസ്ഥയിലും സഹായമില്ലാതെയും ആയിരിക്കുന്ന എനിക്ക് ഇതൊക്കെ എങ്ങനെ സഹിക്കാൻ കഴിയും? ഇതിൽ നിന്നുള്ള വിടുതൽ എങ്ങനെയാണ്?"

ഒരു പാസ്റ്റർ എനിക്കെഴുതിയത്: കഴിഞ്ഞ ജൂലൈയിൽ എനിക്ക് പ്രോസ്റ്റേറ്റ് ഓപ്പറേഷൻ കഴിഞ്ഞു. അതിൽ മുഴുവനും കാൻസറായിരുന്നു. ഡോക്ടർമാർ അതിനു ചുറ്റുമുള്ള കോശങ്ങളും മാറ്റിയതിനാൽ ജീവിതം പരിതാപകരമായിരുന്നു. എനിക്ക് ഇപ്പോൾ ഡയബെറ്റിക്സും വയറിൽ അൾസറും ഉണ്ട്. എനിക്കുവേണ്ടി ദയവായി പ്രാർത്ഥിക്കുമോ?

എത്ര അതികായന്മാരായ ശത്രുക്കളെയാണ് ഈ മനുഷ്യൻ ദിവസവും അഭിമുഖീകരിക്കുന്നത്? ക്യാൻസറിന്റെ ഒരു ഭാഗം തന്റെ ശരീരത്തിൽ ശേഷിക്കുന്നു എന്ന ഭീതി! ഡയബെറ്റിക്സും വയറിലെ അൾസറും നേരിടേണ്ടതായുണ്ട്. "ഇതൊക്കെ എങ്ങനെയാണ് ഞാൻ അഭിമുഖീകരിക്കുന്നത്? ഇതിൽ നിന്നുള്ള വിടുതൽ എങ്ങനെയാണ്?" എന്ന് അയാൾ ചോദിക്കുമെന്ന് ഞാൻ കരുതുന്നു

പ്രായമുള്ള കർത്താവിൽ പ്രീയ സഹോദരി ഇങ്ങനെ എഴുതി: "ഈ മാർച്ചിൽ എനിക്ക് എൺപത്തിഒന്ന് വയസ്സാകും. എനിക്ക് ആർത്രൈറ്റിസും ഡയബറ്റീസും ഉണ്ട്. എന്റെ പുറവും കാലുകളും ബലഹീനമായതിനാൽ നടക്കുവാൻ പ്രയാസമാണ്. ഞാൻ ഒറ്റയ്ക്കു താമസിക്കുന്നതിനാൽ വീട്ടുജോലിയെല്ലാം ഞാൻ തന്നെ ചെയ്യണം. ഞാൻ സാമ്പത്തികമായി മോശമാണ്, എനിക്ക് ബന്ധുക്കളാരുമില്ല. എനിക്കുവേണ്ടി പ്രാർത്ഥിക്കുവിൻ."

ഈ സ്ത്രീ ഓരോ ദിവസവും ഉണരുകയും വേദനയോടെ, മറ്റാരുടെയും സഹായം ഇല്ലാതെ ആഹാരം പാചകം ചെയ്യുകയും വീട് വൃത്തിയാക്കുകയും ചെയ്യുന്നു. "അടുത്ത പ്രഭാതത്തിൽ കട്ടിലിൽനിന്ന് എഴുന്നേ

ല്ക്കാൻ കഴിയാതിരിക്കുകയാണെങ്കിൽ എന്തു ചെയ്യും എന്നും പുതിയ ദിവസത്തിലേക്ക് എങ്ങനെ പ്രവേശിക്കും" എന്നും അവർ ചിന്തിക്കുന്നുണ്ടാകാം.

മറ്റൊരു പ്രീയ സഹോദരി എഴുതിയത്: "എന്റെ ഭർത്താവിന്റെ അന്നനാളത്തിൽ മാരകമായ കാൻസർ ബാധിച്ചിട്ടുണ്ടെന്ന് എനിക്ക് വിവരം ലഭിച്ചു. അദ്ദേഹം ദൈവഭക്തനായ നല്ലൊരു ഭർത്താവും ഞങ്ങളുടെ പതിനാലു വയസ്സായ മകന് നല്ലൊരു പിതാവുമാണ്. ഞാൻ തളർന്നുപോകാതെ ശക്തയായിരിക്കുവാനും ഇതിലൂടെ എന്റെ വിശ്വാസം വർദ്ധിക്കുവാനും ദയവായി പ്രാർത്ഥിക്കുവിൻ."

ഞങ്ങൾക്ക് പ്രാർത്ഥനാപേക്ഷ ലഭിച്ച മറ്റു പലരെയും പോലെ, ഈ പാവം സ്ത്രീയും ഓരോ ദിവസവും പ്രശ്നത്തെ അഭിമുഖീകരിക്കാനുള്ള ശക്തിക്കായി നിലവിളിക്കുന്നു.

എന്റെ ജീവിതകാലത്തിനിടയക്ക് ഇത്രയധികം പ്രശ്നങ്ങൾ, കഷ്ടപ്പാടുകൾ, വേദനകൾ എന്നിവ ക്രിസ്ത്യാനികൾ അനുഭവിക്കുന്നതിനെക്കുറിച്ച് ഞാൻ കേട്ടിട്ടില്ല. വിവാഹത്തിലെ പ്രശ്നങ്ങൾ, സാമ്പത്തിക ബുദ്ധിമുട്ടുകൾ, ശാരീരികമായ പ്രശ്നങ്ങൾ, അവസാനമില്ലാത്ത സങ്കടങ്ങൾ എന്നിവയാൽ ജനങ്ങൾ ഭാരപ്പെടുന്നു. "ഞാൻ ഇതൊക്കെ എങ്ങനെയാണ് അഭിമുഖീകരിക്കുക, എന്റെ ശത്രുക്കൾ എല്ലാം അതിശക്തരാണ്, ഞാൻ ദുർബലനാണ്, നിസ്സഹായനാണ്, ഇതിനെക്കുറിച്ച് ഒന്നും ചെയ്യാൻ കഴിവില്ലാത്തവനാണ്, കർത്താവേ, ഞാൻ എങ്ങനെ ഇതിന്റെയൊക്കെ മദ്ധ്യത്തിലൂടെ കടന്നുപോകും" എന്നാണ് ജനങ്ങൾ ചോദിക്കുന്നത്.

ഈ കാര്യമൊന്നും ദൈവത്തെ അത്ഭുതപ്പെടുത്തിയിട്ടില്ല. ഇന്നു നാം അനുഭവിക്കുന്ന എല്ലാ പ്രതിസന്ധികളെയും പ്രശ്നങ്ങളെക്കുറിച്ചും മാനവരാശിക്ക് സംഭവിക്കാൻ പോകുന്ന എല്ലാറ്റിനെയും കുറിച്ച് ദൈവത്തിന് നന്നായി അറിയാം. അവയെല്ലാം നേരിടേണ്ട രീതികളെക്കുറിച്ച് ദൈവം നമ്മെ കാണിക്കാൻ ആഗ്രഹിക്കുന്നു എന്ന് വചനം പറയുന്നു.

ദൈവം മോശെയോട് പ്രത്യാശയുടെ രണ്ടു വാക്കുകൾ പറഞ്ഞത് ഇന്നും പ്രസക്തമാണ്. അവൻ കല്പിക്കുന്നതുപോലെ ചെയ്താൽ നാം പരീക്ഷണങ്ങളിലൂടെ കടന്നുപോകുക മാത്രമല്ല, വാഗ്ദാനങ്ങൾ നിറവേറ്റുന്നതിൽ കർത്താവ് വിശ്വസ്തനാണ് എന്നു മനസ്സിലാക്കുകയും ചെയ്യും.

**1. നമ്മുടെ ഒരു ശത്രുക്കളെയും ഭയപ്പെടരുത് എന്നു ദൈവം കല്പിക്കുന്നു.**

**നീ അവരെ ഭയപ്പെടരുതു...** (യിരെമ്യാവു 1:8). യിസ്രായേലിനെ സംബന്ധിച്ചിടത്തോളം "അവർ" എന്നത് വാഗ്ദത്തദേശത്ത് അവർ അഭിമുഖീകരിച്ച സായുധരായ തദ്ദേശവാസികളെ കുറിക്കുന്നു. ഇപ്പോൾ നമുക്ക് "അവർ" എന്നത് നമ്മുടെ ജീവിതത്തിൽ നാം അനുഭവിക്കുന്ന പ്രശ്നങ്ങളെയും ബുദ്ധിമുട്ടുകളെയും പ്രതിനിധീകരിക്കുന്നു.

നിങ്ങൾ ഭയപ്പെടരുത് എന്നു പറയുന്നത് എന്തുകൊണ്ട്? ദൈവം അങ്ങനെ പറഞ്ഞിരിക്കുന്നു. മറ്റൊരു വിശദീകരണവും ആവശ്യമില്ല. ദൈവം ശക്തനും എല്ലാറ്റിനും പര്യാപ്തനുമാണ്. നാം അഭിമുഖീകരിക്കുന്ന പൈശാചിക പ്രശ്നങ്ങളെക്കുറിച്ച് അവനറിയാം. നമുക്കു നേരെ ഉണ്ടാകുന്ന പരീക്ഷണങ്ങളും പ്രലോഭനങ്ങളും കെണികളുമെല്ലാം അവൻ അറിയുന്നു. നിങ്ങൾ അതിനെ ഒന്നും ഭയപ്പെടരുത് എന്നു അവൻ കല്പിക്കുന്നു.

ദൈവം അബ്രഹാമിനും ഈ കല്പന നൽകി. ഒരു വിചിത്രമായ രാജ്യത്ത്, ശക്തരായ രാജാക്കന്മാരാൽ ചുറ്റപ്പെട്ട്, ഒരു മനുഷ്യൻ ജീവിക്കുന്നു, എങ്ങനെയൊക്കെ ആകുമെന്ന് അറിയാതെ! എന്നിട്ടും ദൈവം അവനോട് പറഞ്ഞ ആദ്യ വാക്ക് "ഭയപ്പെടരുത്" എന്നാണ്. ഇത് സ്വപ്നത്തിലൂടെയുള്ള ദൈവത്തിന്റെ അരുളപ്പാടാണ്. "**അബ്രാമേ, ഭയപ്പെടേണ്ട; ഞാൻ നിന്റെ പരിചയും നിന്റെ അതിമഹത്തായ പ്രതിഫലവും ആകുന്നു**" (ഉല്പത്തി 15:1).

വാക്യത്തിന്റെ അവസാന ഭാഗത്തിന്റെ അർത്ഥം: ഞാൻ നിങ്ങൾക്കു ചുറ്റം സംരക്ഷണത്തിന്റെയും പ്രതിരോധത്തിന്റെയും ഒരു മതിലായിരിക്കും. അതായത് ദൈവം അബ്രാമിനോട് പറയുന്നത്: "**നീ ബുദ്ധിമുട്ടുകൾ നേരിടാൻ പോകുകയാണ്, എങ്കിലും അതിന്റെ മദ്ധ്യേ ഞാൻ നിന്നെ സംരക്ഷിക്കും**" എന്നാണ്. ദൈവത്തിന്റെ വചനങ്ങളെ വിശ്വസിച്ച് അബ്രാം ഉടനെ തന്നെ പ്രതികരിച്ചു. **അവൻ യഹോവയിൽ വിശ്വസിച്ചു; അത് അവൻ അവന് നീതിയായി കണക്കിട്ടു** (ഉൽപ്പത്തി 15:6).

യിസ്ഹാക്ക് എവിടെ പോയാലും ഇതേ പ്രശ്നത്തെ അഭിമുഖീകരിച്ചു. അവൻ ഒരു കിണറിനെ "എസെക്" എന്നു പേരു വിളിച്ചു, "വിവാദം" എന്നാണ് അതിന്റെ അർത്ഥം. യിസ്ഹാക്കിന് ഒന്നും തോന്നിയില്ല എങ്കിലും വിവാദം അവന്റെ കൂടെ തന്നെ ഉണ്ടായിരുന്നു. ഞാൻ എങ്ങനെ എന്റെ കുടുംബം പോറ്റുകയും എന്റെ ആടുകൾക്കു വെള്ളം കൊടുക്കുകയും ചെയ്യും? ഏതു സമയത്തും ഫെലിസ്ത്യർ നമ്മെ കൊള്ളയടിക്കും അതിനാൽ എന്റെ മക്കളെ ഭയമില്ലാതെ എങ്ങനെ വളർത്തും? ദൈവമേ, എന്നെ എന്തിനാണ് ഇവിടെ നട്ടത്? ഞാൻ എങ്ങനെ ഇതിന്റെ മദ്ധ്യത്തിലൂടെ കടന്നുപോകും?

ഈ സംശയം യിസ്ഹാക്കിന് ഉണ്ടായപ്പോൾ തന്നെ ദൈവം അബ്രഹാമിനു നൽകിയ അതേ വാഗ്ദത്തം തന്നെ അവനും നൽകി. **...നീ ഭയപ്പെടേണ്ട; ഞാൻ നിന്നോടുകൂടെ ഉണ്ട്; എന്റെ ദാസനായ അബ്രഹാം നിമിത്തം**

*06-ാം പേജിൽ തുടരും...*


नहेम्याह बाइबल कॉलेज
रेसिडेन्शल कॉलेज, चेन्नई।

माध्यम: हिन्दी

*सदस्यता के लिए पंजीकृत उम्मीदवार* - ATA

सुविख्यात अंतर्राष्ट्रीय मसीही अगुवे तथा पिछले 54 वर्षों से सेवारत वरिष्ठ पासवान

Diploma in Ministry : One year
Diploma in Theology : Two years
Bachelor of Theology : Three years

योग्यता 10 वी या अधिक
जल्दी करें!

**Contact : The Chairman, Nehemiah Bible College.**

10, MOHAMMED ABDULLAH 2ND STREET, CHEPAUK, CHENNAI - 600 005, INDIA.
Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858
E.mail : sam@echoofhiscall.org / Website : www.echoofhiscall.org

★ ऑनलाइन कक्षाएं उपलब्ध हैं ★

GREAT COMMISSION PARTNERS
ECHO OF HIS CALL MINISTRIES SINCE 1969

# പരമനിയോഗ ദൗത്യ പങ്കാളികൾ

**പങ്കിടൽ** (ഗലാത്യർ 6:2), **സഹായം** (റോമർ 12:13), **കൂടുതൽ വേഗത** (2 തിമൊഥെയോസ് 1:6)

## പ്രാർത്ഥനാ വിഷയങ്ങൾ

(ഈ കടലാസ് നിങ്ങളുടെ വേദപുസ്തകത്തിൽ വച്ച് വിഷയങ്ങൾക്കായി പ്രാർത്ഥിക്കുവിൻ)

## സ്തോത്രത്തിനായുള്ള വിഷയങ്ങൾ

*സെപ്റ്റംബർ 19* ⇨ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയുടെ 55–ാം വാർഷികാഘോഷങ്ങളെ അനുഗ്രഹിച്ചതിനായി.

*സെപ്റ്റംബർ 20* ⇨ ഞങ്ങളുടെ അച്ചടിശാലയിൽ അച്ചടിച്ച 16 ഭാഷകളിലെ മാസിക മിഷൻ ഫീൽഡുകളിൽ എത്തിക്കുവാൻ സഹായിച്ചതിനായി.

*സെപ്റ്റംബർ 21* ⇨ നമ്മുടെ പ്രാർത്ഥനാ പങ്കാളികൾ, വിശ്വാസപങ്കാളികൾ, ആയുഷ്കാല പങ്കാളികൾ, മാസിക വരിക്കാർ, പരമനിയോഗ പങ്കാളികൾ തുടങ്ങിയവർക്കായും കുടുംബാഗങ്ങൾക്കായും.

*സെപ്റ്റംബർ 22* ⇨ **വിളിയുടെ പ്രതിധ്വനി** ശുശ്രൂഷയുടെ ജീവനക്കാരെയും കുടുംബാംഗങ്ങളെയും കാത്തുസൂക്ഷിക്കുന്നതിനായി.

*സെപ്റ്റംബർ 23* ⇨ **വിളിയുടെ പ്രതിധ്വനി** 5 മിനിറ്റ് യുട്യൂബ് ശുശ്രൂഷയിലൂടെ ലഭിച്ച അനുഗ്രഹങ്ങളുടെ സാക്ഷ്യങ്ങൾക്കായി.

*സെപ്റ്റംബർ 24* ⇨ **സെന്റ് പോൾസ് മെട്രിക്കുലേഷൻ സ്കൂൾ, നെഹെമ്യ ബൈബിൾ കോളേജ്, ബൈബിൾ കറസ്പോണ്ടൻസ് സ്കൂൾ** എന്നിവയെ അനുഗ്രഹിച്ചതിനായി.

*സെപ്റ്റംബർ 25* ⇨ **വിളിയുടെ പ്രതിധ്വനി** മാസിക ശുശ്രൂഷക്കായി പ്രതിബദ്ധതയുള്ള അസ്സോസിയേറ്റ് എഡിറ്റർമാരെ കണ്ടെത്താൻ സഹായിച്ചതിനായി.

*സെപ്റ്റംബർ 26* ⇨ മിഷൻ പ്രവർത്തകരുടെ പ്രതിബദ്ധതക്കായി.

*സെപ്റ്റംബർ 27* ⇨ സുവിശേഷ അച്ചടിശാലക്കായും, അതിന്റെ നിരന്തര പ്രവർത്തനത്തിനും പ്രവർത്തകർക്കുമായി.

*സെപ്റ്റംബർ 28* ⇨ **നെഹെമ്യ ബൈബിൾ കോളേജിന്റെ** റസിഡൻഷ്യൽ, സായാഹ്ന കോഴ്സുകളിലേക്ക് പുതിയ വിദ്യാർത്ഥികളെ ലഭിച്ചതിനായി.

*സെപ്റ്റംബർ 29* ⇨ **ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിന്റെയും തിയോളജിക്കൽ കറസ്പോണ്ടൻസ് കോഴ്സിന്റെയും** വളർച്ചക്കായി.

*സെപ്റ്റംബർ 30* ⇨ **നെഹെമ്യ ബൈബിൾ കോളേജിൽ** മെട്രോ ജലത്തിന്റെയും മലിനജലത്തിന്റെയും കണക്ഷൻ ലഭിച്ചതിനായി.

*ഒക്ടോബർ 01* ⇨ **വിളിയുടെ പ്രതിധ്വനി** മാസിക ശുശ്രൂഷയെ തുണയ്ക്കുന്ന പ്രതിബദ്ധതയുള്ള അസ്സോസിയേറ്റ് എഡിറ്റർമാരാൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.

*ഒക്ടോബർ 02* ⇨ മുഖ്യ സഭയിലെയും ശാഖാ സഭകളിലെയും ഞായർ ആരാധനകളിൽ ദൈവവചനത്തിന്റെ ശക്തി വെളിപ്പെടുന്നതിനായി.

*ഒക്ടോബർ 03* ⇨ പലവിധമായ ശുശ്രൂഷകൾ ചെയ്ത് സുവിശേഷം പ്രചരിപ്പിക്കുന്ന സീനിയർ പാസ്റ്റർ എസ്. സാം സെൽവരാജിന്റെ അർപ്പണ മനോഭാവത്തിനായി.

## പ്രാർത്ഥനയ്ക്കായുള്ള വിഷയങ്ങൾ

*ഒക്ടോബർ 04* ⇨ എത്തിച്ചേരാത്ത ഇടങ്ങളിൽ സുവിശേഷവുമായി കടന്നു ചെല്ലുവാൻ കഴിഞ്ഞതിനായി.

*ഒക്ടോബർ 05* ⇨ പാസ്റ്റർ എസ്. സാം സെൽവരാജിനെയും കുടുംബത്തെയും ദുഷ്ടശക്തികളിൽനിന്നും തുടർന്നും സംരക്ഷിക്കുവാൻ.

*ഒക്ടോബർ 06* ⇨ ഞങ്ങളുടെ ഓഫീസ് ജീവനക്കാരുടെയും അച്ചടി മേഖലയിലെ ജീവനക്കാരുടെയും പൂർണ്ണ ആരോഗ്യത്തിനായി.

*ഒക്ടോബർ 07* ⇨ **നെഹെമ്യ ബൈബിൾ കോളേജിന്റെ** റെസിഡൻഷ്യൽ/സാഹയാഹ്ന കോഴ്സുകളിലെ വിദ്യാർത്ഥികളുടെ സംരക്ഷത്തിനായി.

*ഒക്ടോബർ 08* ⇨ ഈ മാസത്തിലെ എല്ലാ ആവശ്യങ്ങളും ദൈവം നിറവേറ്റിത്തരുവാൻ.

*ഒക്ടോബർ 09* ⇨ ഞങ്ങളുടെ ശുശ്രൂഷകളുടെ വികസനത്തിനായും ലോകം മുഴുവനും സുവിശേഷം പ്രചരിപ്പിക്കുവാനും.

*ഒക്ടോബർ 10* ⇨ സീനിയർ പാസ്റ്ററുടെ ആത്മകഥ വിജയകരമായി എഴുതി പൂർത്തിയാക്കുവാനായി.

*ഒക്ടോബർ 11* ⇨ ലോകം മുഴുവനും സമാധാനം കളിയാടുവാൻ.

*ഒക്ടോബർ 12* ⇨ ലോകം മുഴുവനുമുള്ള സുവിശേഷപ്രവർത്തകരുടെ ആത്മീയ സംരക്ഷണക്കായി.

*ഒക്ടോബർ 13* ⇨ മണിപ്പൂർ സംസ്ഥാനത്തിൽ സമാധാനം പുനഃസ്ഥാപിക്കുവാനുള്ള ദൈവീക കരുണയ്ക്കും കൃപയ്ക്കുമായും മെയ്തെയ്, കുക്കി ആദിവാസ ഗോത്രങ്ങൾ തമ്മിലുള്ള സമാധാനത്തിനായും.

*ഒക്ടോബർ 14* ⇨ ഇംഗ്ലീഷ് അസ്സോസിയേറ്റ് എഡിറ്റർ ഡോ. റിച്ചാർഡ് സാമുവലിന്റെയും മറാഠി അസ്സോസിയേറ്റ് എഡിറ്റർ ബ്രദർ. ശശികാന്ത് തിവാരിയുടെ സഹധർമ്മിണി ശ്രീമതി. സുവാർത്തയുടെയും രോഗത്തിൽ നിന്നുള്ള അതിവേഗ വിടുതലിനായി.

*ഒക്ടോബർ 15* ⇨ ലോകത്തിന്റെ പല ഭാഗങ്ങളിലുമുള്ള സാമ്പത്തിക മാന്ദ്യത മാറുവാനായി.

*ഒക്ടോബർ 16* ⇨ പ്രകൃതി ദുരന്തത്തിൽ നിന്നും ലോകം മുഴുവനും ദൈവിക സംരക്ഷണം ലഭിക്കുവാൻ.

*ഒക്ടോബർ 17* ⇨ എല്ലാ രാജ്യങ്ങളിലും ദൈവഭയമുള്ള നേതാക്കളെ നൽകി ദൈവം അനുഗ്രഹിക്കുവാൻ.

*ഒക്ടോബർ 18* ⇨ താഴേക്കിടയിലുള്ള ജനങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി.

... 4-ാം പേജിന്റെ തുടർച്ച

**ഞാൻ നിന്നെ അനുഗ്രഹിച്ചു നിന്റെ സന്തതിയെ വർദ്ധിപ്പിക്കും എന്നു അരുളിച്ചെയ്തു** (ഉല്പത്തി 26:24).

ഇന്ന് യിസ്ഹാക്കിനെപ്പോലെ നാമും അബ്രഹാമിന്റെ മക്കളാണ്. ദൈവം അബ്രഹാമിനോടും സന്തതികളോടും ചെയ്ത അതേ വാഗ്ദത്തം നമ്മോടും ചെയ്യുന്നു. നിങ്ങൾ **ക്രിസ്തുവിന്നുള്ളവർ എങ്കിലോ നിങ്ങൾ അബ്രഹാമിന്റെ സന്തതിയും വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു** (ഗലാത്യർ 3:29). അബ്രഹാമിന് പരിചയായിരുന്ന അതേ ദൈവത്തെയാണ് നാം സേവിക്കുന്നത്. അവൻ ശക്തനായി നമ്മോടൊപ്പമുണ്ട്.

നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് നമ്മുടെ ജീവിതത്തിന്റെ ഓരോ ചുവടുവയ്പും നോക്കുന്നു. നമ്മുടെ എല്ലാ പ്രതികൂലങ്ങളുടെയും പ്രയാസങ്ങളുടെയും മദ്ധ്യേ അവൻ നമ്മോടു വചനത്തിലൂടെ കല്പിക്കുകയാണ് "ഭയപ്പെടേണ്ട!" നമ്മുടെ പ്രശ്നങ്ങൾ നമ്മെ താഴ്ത്തിക്കളയുകയും നശിപ്പിക്കുകയും ചെയ്യുമെന്ന് നാം കരുതരുത്, അവൻ നമ്മുടെ പരിചയാണെന്ന് നാം അറിയണം.

**യിസ്രായേലേ, നീ ഭാഗ്യവാൻ; നിനക്കു തുല്യൻ ആർ? യഹോവയാൽ രക്ഷിക്കപ്പെട്ട ജനമേ, അവൻ നിന്റെ സഹായത്തിൻ പരിചയും നിന്റെ മഹിമയുടെ വാളും ആകുന്നു. നിന്റെ ശത്രുക്കൾ നിന്നോടു അനുസരണം നടിക്കും. നീ അവരുടെ ഉന്നതങ്ങളിന്മേൽ നടകൊള്ളും** (ആവർത്തനം 33:29). ദൈവം നമ്മോടു പറയുകയാണ് : "ഞാൻ നിന്നെ ഉപേക്ഷിച്ചു എന്നത് കളവാണ്. എനിക്കു നിങ്ങളോടു ദേഷ്യമുണ്ടെന്നും നിങ്ങളുടെ ശത്രുക്കൾക്കെതിരെ പോരാടുവാൻ നിങ്ങളെ തനിച്ചാക്കിയെന്നതും സാത്താൻ പടച്ചു വിടുന്ന നുണകളാണ്."

**കുറ്റകരമായ പാപവുമായി പൊരുതുന്ന എല്ലാ ക്രിസ്ത്യാനികളെയും അഭിസംബോധന ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നു.**

വശീകരിക്കുന്ന മോഹമോ ശീലമോ കൊണ്ട് നിങ്ങൾ വേദനയോടെ രാവിലെ ഉണരാറുണ്ടോ? "ഈ ഭയങ്കരമായ കാര്യം ഇപ്പോഴും എന്റെ ജീവിതത്തിൽ ഉണ്ടോ" എന്നു ചിന്തിച്ചുകൊണ്ട് മാനസിക വേദനയിലാണോ?

നിങ്ങളുടെ ജീവിതത്തിൽ ഏതെല്ലാം പാപങ്ങൾ അവശേഷിക്കുന്നു എന്ന് ദൈവത്തിനറിയാം. നിങ്ങൾ അവയെ എത്രമാത്രം വെറുക്കുന്നു എന്നും അതിനെയോർത്ത് എത്രമാത്രം കരഞ്ഞിട്ടുണ്ട് എന്നും അറിയാം. ഇപ്പോൾ നിങ്ങൾ ഈ വാക്യം കേൾക്കണമെന്ന് അവൻ ആഗ്രഹിക്കുന്നു. "ഭയപ്പേടേണ്ട, ഞാൻ നിന്റെ പരിചയും സംരക്ഷകനും ആകുന്നു; ഞാൻ നിന്റെ പ്രതിരോധവും ശത്രുക്കൾക്കെതിരെയുള്ള വിശുദ്ധിയുടെ വാളും ആകുന്നു. പ്രലോഭനങ്ങൾ നേരിടേണ്ട വഴി എനിക്കറിയാം. പോരാടുവാനായി ഞാൻ നിന്നെ പഠിപ്പിക്കും."

ദാവീദിന് ഇത് അറിയാമായിരുന്നു. അതുകൊണ്ടാണ് അവൻ **ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല** (സങ്കീർത്തനം 23:4) എന്നു പറഞ്ഞത്. ഭയപ്പെട്ടാൽ സാത്താൻ വിജയിക്കുമെന്ന് അവന് അറിയാമായിരുന്നു.

പ്രീയപ്പെട്ടവരേ, സാത്താൻ നിങ്ങൾക്കെതിരെ പ്രവർത്തിക്കുന്നത് ഇങ്ങനെയാണ്. നിങ്ങളുടെ പാപത്തെക്കുറിച്ച് ഭയപ്പെടണമെന്ന് അവൻ ആഗ്രഹിക്കുന്നു, ഭയപ്പെട്ടാൽ നിങ്ങൾ ഒരിക്കലും വിടുവിക്കപ്പെടുകയില്ല, സ്വതന്ത്രരാകുകയുമില്ല. എന്നാൽ വേദനിക്കുന്ന എല്ലാവരോടും ദൈവം പറയുന്നത്: "ഭയപ്പെടേണ്ട, നിങ്ങളുടെ കഷ്ടപ്പാടുകൾ ഞാൻ അറിയുകയും കാണുകയും ചെയ്യുന്നു, സാത്താൻ നിങ്ങളെ നശിപ്പിക്കുവാൻ ഞാൻ സമ്മതിക്കുകയില്ല."

"ഞാൻ എന്താണ് ചെയ്യേണ്ടത്? എനിക്ക് എങ്ങനെ കർത്താവിന്റെ സമാധാനവും സ്വസ്ഥതയും ലഭിക്കും" എന്നു നിങ്ങൾ ചോദിച്ചേക്കാം.

മോശെക്കും യിസ്രായേലിനുമുള്ള ദൈവവചനത്തിൽ അതിനുള്ള ഉത്തരം കാണാം. മുന്നിൽ ചെങ്കടലും, ശത്രുസൈന്യം പിന്നിലും, തിരിഞ്ഞു പോകാൻ മറ്റു വഴികളും ഇല്ലാത്ത അവസ്ഥയിൽ ദൈവം അവരോട് ആജ്ഞാപിച്ചത് : **ഭയപ്പെടേണ്ട, ഉറെച്ചു നില്പിൻ; യഹോവ ഇന്നു നിങ്ങൾക്കുവേണ്ടി ചെയ്‌വാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ; നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരു നാളും കാണുകയില്ല. യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും; നിങ്ങൾ മിണ്ടാതിരിപ്പിൻ എന്നു പറഞ്ഞു** (പുറപ്പാട് 14:14,15).

യോശുവയും ശത്രുക്കളെ നേരിട്ടു. അവനും അവന്റെ സൈന്യവും ഗിബയോനിലേക്ക് രാത്രി മുഴുവനും സഞ്ചരിച്ച് അഞ്ചു രാജാക്കന്മാരുടെ ഒരുമിച്ചുള്ള സൈന്യത്തെ നേരിട്ടു. യോശുവ യുദ്ധക്കളത്തിലേക്ക് നോക്കിയപ്പോൾ താഴ്‌വര മുഴുവനും വലിയ രഥങ്ങളും നന്നായി പരിശീലനം സിദ്ധിച്ച കാലാൾ പടകളെക്കൊണ്ടും മൂടിയിരിക്കുന്നതു കണ്ടു. യോശുവയ്ക്കു ആകെ ഉണ്ടായിരുന്നത് ക്ഷീണം കൊണ്ട് തളർന്ന കുറച്ചു മനുഷ്യർ മാത്രമായിരുന്നു.

ആ നിമിഷം യോശുവയ്ക്ക് നിരാശയുണ്ടായിക്കാണും. ദൈവമേ, ഞങ്ങൾ ഇപ്പോൾ


**നെഹെമ്യ ബൈബിൾ**
**സായാഹ്ന കോളേജ്**

ECHO OF HIS CALL 1969-2019 REACHING NATIONS

ചെപ്പോക്ക് & സന്തോഷപുരം, ചെന്നൈ

Regd. Candidate for Membership ATA NEHEMIAH BIBLE COLLEGE CHENNAI ECHO OF HIS CALL Estd. 1969

**ഭാഷ : തമിഴ്**

*അപേക്ഷകനുള്ള മെമ്പർഷിപ്പ് - ATA*

**കഴിഞ്ഞ 54 വർഷങ്ങളായി അന്താരാഷ്ട്ര ക്രിസ്തീയ നേതാക്കളും മുതിർന്ന പാസ്റ്റർമാരും അംഗീകരിച്ചത്**

Diploma in Ministry : One year
Diploma in Theology : Two years
Bachelor of Theology : Three years

യോഗ്യത : പത്താം ക്ലാസ്സോ അതിനു മുകളിലോ

**അതിവേഗം അഡ്മിഷൻ നേടുവിൻ!**

**10, MOHAMMED ABDULLAH 2ND STREET, BELLS ROAD, CHEPAUK, CHENNAI - 600 005, INDIA.**
**Phone : (+91-44) 2852 8282, Cell : (+91) 98410 71852 / 95661 31858**
E-mail : sam@echoofhiscall.org / Website : www.echoofhiscall.org

കഷ്ടിച്ച് എത്തിയതേയുള്ളു. ഞങ്ങൾക്ക് ശക്തരായ സൈന്യത്തെ എതിരിടാൻ ഉണ്ട്. എന്താണ് ഞങ്ങൾ ചെയ്യേണ്ടത് എന്ന് ഞങ്ങളോടു പറയണമേ എന്നു അവൻ ചിന്തിച്ചുകാണും.

വചനം പറയുന്നു: **യഹോവ യോശുവയോടു: അവരെ ഭയപ്പെടരുതു; ഞാൻ അവരെ നിന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു; അവരിൽ ഒരുത്തനും നിന്റെ മുമ്പിൽ നിൽക്കയില്ല എന്നു അരുളിച്ചെയ്തു** (യോശുവ 10:8).

യോശുവ യുദ്ധത്തിനു പുറപ്പെടുന്നതിനു മുൻപുതന്നെ ദൈവം വിജയം പ്രഖ്യാപിച്ചു. "നാം വിജയം നേടിയിരിക്കുന്നു, യുദ്ധത്തിനു ശേഷം ഒരു ശത്രു പോലും എഴുന്നേറ്റു നിൽക്കയില്ല, ഞാൻ നിങ്ങളുടെ വിജയം പ്രഖ്യാപിച്ചു കഴിഞ്ഞു, പോയി യുദ്ധം ചെയ്വിൻ."

അതാണ് കുരിശിന്റെ സന്ദേശം. വിജയം ഞങ്ങൾ നേടിക്കഴിഞ്ഞു. **നാമോ, നമ്മെ സ്നേഹിച്ചവൻ മുഖാന്തരം ഇതിൽ ഒക്കെയും പൂർണ്ണജയം പ്രാപിക്കുന്നു** (റോമർ 8:37).

നാം ഒന്നും ചെയ്യേണ്ടതില്ല എന്നാണോ ഇതിന് അർത്ഥം? നമുക്ക് മാറി നിന്ന് ദൈവം തന്റെ ദൂതനെ അയച്ച് നമ്മുടെ ശത്രുക്കളെ ഇല്ലാതാക്കും എന്നാണോ? ഇല്ല, ഒരിക്കലുമില്ല. നമ്മുടെ വിജയം ദൈവം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും നമ്മുടെ ഭാഗം നാം ചെയ്യുക തന്നെ വേണം. അത് അവൻ ചെയ്യുകയില്ല. **നിങ്ങളുടെ അരയ്ക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാനസുവിശേഷത്തിന്നായുള്ള ഒരുക്കം കാലിന്നു ചെരുപ്പാക്കിയും എല്ലാറ്റിനുംമീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുംകൊണ്ടു നിൽപ്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ** (എഫെസ്യർ 6:14-17).

ശത്രുവിനോടു പൊരുതാൻ നാം വാളെടുക്കണം. വ്യത്യാസം എന്തെന്നാൽ ദൈവം നമ്മെ ശക്തീകരിക്കുമെന്ന് വാഗ്ദത്തം ചെയ്തിരിക്കുന്നത് വിശ്വസിച്ചുകൊണ്ട് നാം അതു ചെയ്യണം. **നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നൽകുന്ന ദൈവത്തിനു സ്തോത്രം** (1കൊരിന്ത്യർ 15:57).

നമ്മുടെ വിശ്വാസത്തോട് പരിശുദ്ധാത്മാവ് പ്രതികരിക്കുന്നു. നാം അവനെ വിളിച്ചപേക്ഷിക്കുമ്പോൾ, ജഡത്തിന്റെ പ്രവൃത്തികളെ നശിപ്പിക്കാൻ അവൻ അമാനുഷിക ശക്തിയുമായി നമ്മുടെ മേൽ വരുന്നു. നമ്മുടെ ഭാഗം വിശ്വാസമാണ്. കൂടാതെ, നമുക്കെതിരെ വരുന്ന തിന്മയുടെ ശക്തിയെ ദൈവാത്മാവ് ചെറുക്കും എന്ന വിശ്വാസത്തിൽ നടക്കുക എന്നതുമാണ്.

## 2. മുൻകാലത്ത് നമ്മുടെ ശത്രുക്കളെ പരാജയപ്പെടുത്തിയ വിധം ഓർക്കാൻ ദൈവം കല്പിക്കുന്നു.

മോശെ യിസ്രായേല്യരോടു പറഞ്ഞത്: **നിന്റെ ദൈവമായ യഹോവ ഫറവോനോടും എല്ലാ മിസ്രയീമ്യരോടും ചെയ്തതായി നിന്റെ കണ്ണാലെ കണ്ട വലിയ പരീക്ഷകളും അടയാളങ്ങളും അത്ഭുതങ്ങളും നിന്റെ ദൈവമായ യഹോവ നിന്നെ പുറപ്പെടുവിച്ച ബലമുള്ള കയ്യും നീട്ടിയ ഭുജവും നീ നല്ലവണ്ണം ഓർക്കേണം; നീ പേടിക്കുന്ന സകല ജാതികളോടും നിന്റെ ദൈവമായ യഹോവ അങ്ങനെ ചെയ്യും** (ആവർത്തനം 7:18,19).

എത്ര ശക്തമായ സന്ദേശം! "നീ ഏതു ശത്രുക്കളെ നേരിട്ടാലും വിജയം നിങ്ങൾക്കു വാഗ്ദത്തം ചെയ്യുന്നു എന്ന് മോശെ യിസ്രായേല്യരെ ഓർമ്മിപ്പിക്കുന്നു. നിങ്ങളുടെ പിതാക്കന്മാരെ ഫറവോന്റെ കൈയിൽ നിന്നും വിടുവിച്ചതുപോലെ ഇന്നും നിങ്ങളോട് അങ്ങനെ തന്നെ ചെയ്യും".

**നീ മിസ്രയീം ദേശത്തുനിന്നു പുറപ്പെട്ട ദിവസത്തെ നിന്റെ ആയുഷ്കാലം ഒക്കെയും ഓർക്കേണ്ടതിന്നു...** (ആവർത്തനം 16:3), **നീ മിസ്രയീമിൽ അടിമയായിരുന്നു എന്നു ഓർത്തു ഈ ചട്ടങ്ങൾ പ്രമാണിച്ചു നടക്കേണം** (ആവർത്തനം 16:12).

ജനങ്ങളോടുള്ള മോശെയുടെ അപേക്ഷ ഇങ്ങനെയായിരുന്നു: "ഭൂതകാലത്തെ ഓർക്കുക! മരുഭൂമിയിൽ നിങ്ങൾക്ക് കഷ്ടതയുള്ള സമയമാണെന്ന് കരുതുന്നുവെങ്കിൽ മിസ്രയീമിൽ നിങ്ങൾ നേരിട്ട കഷ്ടതകൾ ഓർക്കുവിൻ. നിങ്ങളെല്ലാവരും അടിമകളായിരുന്ന സമയത്തെ കഷ്ടതകൾ ഓർക്കുവിൻ. അതിൽനിന്നും നിങ്ങളെ വിടുവിക്കുവാനും വിശുദ്ധീകരിക്കുവാനും ദൈവം ചെയ്തതെല്ലാം ഓർക്കുവിൻ".

യെശയ്യാ പ്രവാചകനും ഭയത്താൽ നിറഞ്ഞ ഒരു ജനതയോടു ദൈവവചനം സംസാരിച്ചു. ദൈവം തങ്ങളെ കൈവിട്ടുവെന്ന ഉറച്ച വിശ്വാസത്തിലായിരുന്നു അത്. ശത്രുക്കൾ എന്തു ചെയ്യുമെന്ന ഭയത്താൽ അവർ നിറഞ്ഞു. എന്നാൽ യെശയ്യാവ് അവർക്ക് ഉറപ്പു നൽകി.

**ഞാൻ, ഞാൻ തന്നേ, നിങ്ങളെ ആശ്വസിപ്പിക്കുന്നവൻ; എന്നാൽ മരിച്ചുപോകുന്ന മർത്യനെയും പുല്ലുപോലെ ആയിത്തീരുന്ന മനുഷ്യനെയും ഭയപ്പെടുവാൻ നീ ആർ? ആകാശത്തെ വിരിച്ചു ഭൂമിയുടെ അടിസ്ഥാനങ്ങളെ ഇട്ടവനായി നിന്റെ സ്രഷ്ടാവായ യഹോവയെ നീ മറക്കയും പീഡകൻ നശിപ്പിപ്പാൻ ഒരുങ്ങിവരുന്നു എന്നുവെച്ചു അവന്റെ ക്രോധം നിമിത്തം ദിനമ്പ്രതി ഇടവിടാതെ പേടിക്കയും ചെയ്യുന്നതെന്തു?** (യെശയ്യാവ് 51:12,13).

ദൈവം പ്രവാചകനിലൂടെ പറഞ്ഞു: "ഞാൻ ആരെന്നു നിങ്ങൾ മറന്നുപോയതുകൊണ്ടാണ് നിങ്ങൾ ഭയപ്പെടുന്നത്. എന്റെ ശക്തി


### വിളിയുടെ പ്രതിധ്വനി
**മാസിക സൗജന്യമായി ലഭിക്കുവാനുള്ള സുവർണ്ണാവസരം**

നിങ്ങളുടെ സ്നേഹിതരുടെയോ ബന്ധുക്കളുടെയോ വിലാസം തപാൽ, കത്ത്, ഇ-മെയിൽ, വാട്ട്സ്ആപ്, ഫോൺ ഇവയിൽ ഏതെങ്കിലുമൊന്നിലൂടെ ഞങ്ങളെ അറിയിക്കുകയാണെങ്കിൽ **വിളിയുടെ പ്രതിധ്വനി** മാസിക സൗജന്യമായി അവരുടെ വിലാസത്തിൽ ഞങ്ങൾ അയച്ചു കൊടുക്കുന്നതാണ്.

### നികുതി ഇളവ്

"ECHO OF HIS CALL EDUCATIONAL TRUST" ന് വ്യക്തിയോ സംഘടനയോ നൽകുന്ന സംഭാവനകൾ വരുമാന നികുതി ആക്ട് 80 ജി പ്രകാരം നികുതി ഇളവിന് അർഹമാണ്. ഇതിന് ഔദ്യോഗിക രസീത് നൽകുന്നതാണ്. ഇത്തരം സംഭാവനകൾക്കുള്ള പണച്ചീട്ട്, ഡ്രാഫ്റ്റ് എന്നിവ എക്കോ ഓഫ് ഹിസ് കോൾ എഡ്യൂക്കേഷണൽ ട്രസ്റ്റ് എന്ന പേരിൽ എടുത്ത് ഞങ്ങൾക്ക് അയച്ചുതരിക.

| | | |
|---|---|---|
| Account Name | : | ECHO OF HIS CALL EDUCATIONAL TRUST |
| Account Number | : | 1023 2923 805 |
| Bank Name | : | STATE BANK OF INDIA |
| Branch | : | TRIPLICANE, CHENNAI - 600 005 |
| IFSC Code | : | SBIN 0000249 |
| SWIFT Code | : | SBI NIN BB 455 |



# കുടിലിൽ നിന്നും കൊട്ടാരത്തിലേക്ക്

## PIT TO PALACE

(പാസ്റ്റർ എസ്. സാം സെൽവരാജിന്റെ ജീവിതാനുഭവങ്ങൾ)

"വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ" (മത്തായി 24:15)

## നീളമുള്ള താടിയുള്ള സുന്ദരനായ മനുഷ്യൻ!

ചെന്നൈ അക്ബർ സാഹിബ് തെരുവിൽ ഞാൻ വാടകയ്ക്ക് എടുത്തിരുന്ന വീടിന്റെ മുഖ്യഭാഗം പുതുതായി ആരംഭിച്ച സഭയുടെ ആരാധനയ്ക്കായി നീക്കിവച്ചു. യേശുക്രിസ്തുവിന്റെ സുവിശേഷം ഇഷ്ടമില്ലാത്ത മുസ്ലിം സഹോദരന്മാരായിരുന്നു ഞങ്ങളുടെ അയൽക്കാർ. പക്ഷെ എന്റെ ശുശ്രൂഷ അവിടെത്തന്നെ ചെയ്യുവാൻ ദൈവം എന്നെ പ്രേരിപ്പിച്ചു.

വ്യക്തിഗത ശുശ്രൂഷ ഉൾപ്പെടെയുള്ള എന്റെ ശുശ്രൂഷകൾക്കു പുറമെ എല്ലാ ഞായറാഴ്ചയും രാവിലെ 9.00 മണിക്ക് സഭാ ആരാധനയും ആരംഭിച്ചു. എന്റെ മുമ്പിൽ വലിയ ഒരു കൂട്ടം ഉണ്ട് എന്ന രീതിയിൽ അക്കോർഡിയൻ വായിച്ച് പാടുന്ന ഒരു രീതി എനിക്ക് ഉണ്ടായിരുന്നു. ആരാധനയിൽ ഞാൻ ഈ രീതി അവലംബിച്ചു. ആ സ്ഥലത്തെ ജനങ്ങൾക്കും മറ്റു പൊതു ജനങ്ങൾക്കും ഈ ശബ്ദം അത്ര ഇഷ്ടമുണ്ടായില്ല. ആദ്യവർഷങ്ങളിൽ ആരാധനയ്ക്ക് ആരുമില്ലായിരുന്നു. പിന്നീട് വളരെ കുറച്ചുപേർ ആരാധനയ്ക്കു വന്നു.

1984 ലെ ഒരു ഞായറാഴ്ച ആരാധനക്കായി എല്ലാ ഒരുക്കങ്ങളും ചെയ്ത് ആരാധന തുടങ്ങാനുള്ള തയ്യാറെടുപ്പും ചെയ്തു. ഞാൻ ഒന്നുരണ്ട് ആത്മാക്കളെങ്കിലും കടന്നുവരുവാനായി ദൈവത്തോടു ശക്തിയായി പ്രാർത്ഥിച്ച് മറുപടിക്കായി കാത്തിരുന്നു. ആരാധനക്കായി ആരും കടന്നു വരാത്തതിനാൽ എനിക്ക് വളരെയധികം സങ്കടം വന്നു, ആത്മാവിൽ തളർന്നു, ശാരീരികമായി ക്ഷീണവും ഉണ്ടായി. അതുകൊണ്ട് ഞാൻ അടുത്ത മുറിയിൽ പോയി തകർന്ന ഹൃദയത്തോടെ കിടന്നു.

**യഹോവയുടെ ദൂതൻ അവന്നു പ്രത്യക്ഷനായി; അല്ലയോ പരാക്രമശാലിയേ, "യഹോവ നിന്നോടുകൂടെ ഉണ്ടു എന്നു അവനോടു പറഞ്ഞു" (ന്യായാധിപന്മാർ 1:12)**

അപ്പോൾ എനിക്ക് ഒരു ദർശനം ഉണ്ടായി. താടിയുള്ള സുമുഖനായ ഒരു വൃദ്ധൻ മുഖ്യവാതിലിലൂടെ സഭയിലേക്ക് പ്രവേശിച്ചു, പിന്നാലെ മറ്റു അനേകരും പ്രവേശിച്ചു. പക്ഷെ അവരുടെ മുഖം വ്യക്തമായി കാണാൻ സാധിച്ചില്ല. അദ്ദേഹം അവിടെ കൂടി വന്നവരുമൊത്ത് ലൈറ്റും ഫാനുമെല്ലാം ഓൺ ചെയ്ത് ജീവിക്കുന്ന ദൈവത്തെ മുട്ടുകുത്തി പ്രാർത്ഥിക്കാനും ആരാധിക്കാനും തുടങ്ങി. ശബ്ദം ശക്തിയുള്ളതായതിനാൽ എനിക്ക് അവിടെ കിടക്കാൻ കഴിഞ്ഞില്ല. ഞാൻ എഴുന്നേറ്റ് പേടിയോടും ഭക്തിയോടും ആരാധനാമുറിയിലേക്ക് പ്രവേശിച്ചു. പക്ഷെ അവിടെ ആരുമുണ്ടായിരുന്നില്ല. അവരെല്ലാം അപ്രത്യക്ഷരായിരുന്നു.

അല്പസമയം കഴിഞ്ഞപ്പോൾ ദൈവദാസനായ റവ. ഡോ. ബെവിൻ ലോറൻസും, അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി സെറീന ബെവിനും അവരുടെ ചെറിയ കുഞ്ഞുമായി സഭയിൽ പ്രവേശിച്ചു. ആ ദിവസം ഈ സഭ സന്ദർശിക്കുവാൻ ദൈവത്തിന്റെ ആത്മാവ് അവരെ പ്രേരിപ്പിച്ചു എന്ന് അവർ പറഞ്ഞു. ചില നിമിഷങ്ങൾ കഴിഞ്ഞപ്പോൾ മറ്റു ചിലർ കൂടി കടന്നു വന്നു. അങ്ങനെ ഇവരെല്ലാം അന്നത്തെ ആരാധനയിൽ സംബന്ധിച്ചു. അതിനുശേഷം ദൈവം ഞങ്ങളുടെ സഭയെ അനുഗ്രഹത്താൽ നിറക്കാൻ തുടങ്ങി.

നമ്മുടെ ദൈവം എല്ലായ്പ്പോഴും നല്ലവനാണ്. ഏതുവിധേനയും, ഏതുസമയത്തും അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ കഴിവുള്ളവനാണ്. നിങ്ങളുടെ ജീവിതത്തിൽ ഒരു സ്വർഗ്ഗീയ ഇടപെടൽ ഉണ്ടാകാൻ ഇന്നുതന്നെ അവനിൽ പൂർണ്ണമായി വിശ്വസിക്കുവിൻ.

---

**ഞാൻ എന്റെ പിതാവിന്റെ അടുക്കലേക്ക് മടങ്ങിപ്പോകുന്നു. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല.**

യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു: **ഇപ്പോഴോ ഞാൻ എന്നെ അയച്ചവന്റെ അടുക്കലേക്കു പോകുന്നു...** (യോഹന്നാൻ 16:5), **ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല** (യോഹന്നാൻ 14:18). ഇവിടെ "അനാഥർ" എന്ന ഗ്രീക്കു പദത്തിന്റെ അർത്ഥം "നഷ്ടപ്പെട്ടവൻ", "പിതാവില്ലാത്തവൻ" എന്നാണ്.

ശിഷ്യന്മാർ പിന്നീടു ചെയ്തതുപോലെ നിങ്ങൾ ഒറ്റയ്ക്കാണെന്നും ദൈവം നിങ്ങൾ

യിലും നിങ്ങളെ എല്ലാത്തിൽനിന്നും വിടുവിക്കുവാനുള്ള കഴിവിലും നോക്കാതെ നിങ്ങളുടെ കഷ്ടതകൾ മാത്രമാണ് നോക്കുന്നത്. നിങ്ങളുടെ ജീവിതത്തിന്റെമേൽ എന്റെ കൈ ഇപ്പോഴും ഉണ്ടെന്നുള്ളതും നിങ്ങൾ മറന്നു.

ദൈവം നിങ്ങൾക്കു ചെയ്തുതന്ന അതിശയങ്ങളെ ഓർക്കാൻ നിങ്ങൾക്കു ബുദ്ധിമുട്ടുണ്ടായിരിക്കാം. "എന്റെ ജീവിതം കഠിനമായ പേടിസ്വപ്നമാണെന്നു നിങ്ങൾ ചിന്തിച്ചേക്കാം. എനിക്കു സന്തോഷിക്കാൻ കാര്യമായിട്ട് ഒന്നും ഇല്ല. ദൈവത്തിന്റെ അത്ഭുതങ്ങൾ അനുഭവിച്ചിട്ടില്ലാത്ത എനിക്ക് എങ്ങനെ അവയെ ഓർക്കാൻ കഴിയും?"

ഞങ്ങളെപ്പോലുള്ളവരുടെ അനുഭവങ്ങൾ നിങ്ങളുടെ വിശ്വാസത്തെ പ്രചോദിപ്പിക്കുമെന്ന് നിങ്ങൾ മനസ്സിലാക്കണം. എന്നാൽ അവ നിങ്ങളുടെ വിശ്വാസത്തിന്റെ അടിസ്ഥാനമല്ല. അതുകൊണ്ടാണ് യേശുക്രിസ്തു ഈ ലോകത്തിൽ നമുക്കുവേണ്ടി ചെയ്ത കാര്യങ്ങൾ ദൈവവചനത്തിലൂടെ നമ്മെ ചൂണ്ടിക്കാണിക്കുന്നത്. കുരിശിലൂടെ അവൻ നമുക്കു നേടിത്തന്ന അവന്റെ വിജയം നാം എപ്പോഴും ഓർമ്മിക്കണം. ആ വിശ്വാസത്തിൽ നാം ഉറച്ചു നിൽക്കുകയും വേണം. അവൻ മാത്രമാണ് പരിശുദ്ധാത്മാവിലൂടെ നമ്മെ നയിക്കുന്നത്.

ക്കായി ഒന്നും പ്രവർത്തിക്കുന്നില്ല എന്നും നിങ്ങൾക്കു തോന്നിയേക്കാം. അവൻ നിങ്ങളെ ശ്രദ്ധിക്കുന്നില്ല എന്നും തോന്നിയേക്കാം. ഒരു കാലഘട്ടത്തിലേക്ക് ദൈവം നിങ്ങളെ വിട്ടുപോയെന്നും നിങ്ങളുടെ വാർദ്ധക്യകാലത്ത് അവൻ നിങ്ങളിലേക്ക് വരുമെന്നും പറഞ്ഞ് സാത്താൻ നിങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുന്നു.

പക്ഷെ നിങ്ങൾക്കു വിശ്വസിക്കാൻ കഴിയാത്ത അവിശ്വസനീയമായ ഒരു അത്ഭുതമുണ്ട്. അത് യേശുക്രിസ്തുവിനെ പിന്തുടരുന്ന എല്ലാവർക്കുമുള്ളതാണ്. അത്, "ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല എന്നും, ഞാൻ നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കുന്നു എന്നും, നിങ്ങൾ എന്റേതാണ്" എന്നുമുള്ള കല്പനയാണ്.

നിങ്ങൾ എന്തിലൂടെയാണ് കടന്നുപോകുന്നത് എന്നത് പ്രശ്നമല്ല. പക്ഷെ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് ഒരിക്കൽ പോലും നിങ്ങളെക്കുറിച്ചുള്ള ചിന്ത ഉപേക്ഷിച്ചിട്ടില്ല, ഒരിക്കലും ഉപേക്ഷിക്കുകയുമില്ല. അവന്റെ നിത്യമായുള്ളതും ലംഘിക്കാനാകാത്തതുമായ വാഗ്ദത്തം ശ്രദ്ധിക്കുവിൻ:

**സീയോനോ: യഹോവ എന്നെ ഉപേക്ഷിച്ചു, കർത്താവു എന്നെ മറന്നുകളഞ്ഞു എന്നു പറയുന്നു. ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോടു കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കയില്ല. ഇതാ ഞാൻ നിന്നെ എന്റെ ഉള്ളംകൈയ്യിൽ വരച്ചിരിക്കുന്നു; നിന്റെ മതിലുകൾ എല്ലായ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു** (യെശയ്യാവ് 49:14-16).

ഈ ഭാഗം നമ്മോടു പറയുന്നത്, സംരക്ഷണം എന്ന നിങ്ങളുടെ ആവശ്യം എന്റെ കൺമുമ്പിൽ ഉണ്ട്. ഒരു നിമിഷം പോലും എന്റെ സംരക്ഷണത്തിന്റെ അമാനുഷിക മതിൽ നിങ്ങളിൽ നിന്നും ഞാൻ മാറ്റിയിട്ടില്ല. എന്റെ സംരക്ഷണ വേലി എപ്പോഴും അവിടെയുണ്ട്.

കുട്ടികളെ ഉപേക്ഷിച്ചുപോയ ചില അമ്മമാരെ എനിക്കറിയാം. അവരിൽ ചിലർ പാസ്റ്റർമാരുടെ ഭാര്യമാരാണ്. ഏതാനും ആഴ്ചകൾക്കുമുമ്പ് ഒരു പാസ്റ്റർ ഞങ്ങൾക്കെഴുതി: "ഞാൻ വിവാഹിതനായിട്ട് ഇരുപത്തിഅഞ്ചു വർഷമായി. പക്ഷെ എന്റെ ഭാര്യ അടുത്തിടെ ഇന്റർനെറ്റു വഴി പരിചയപ്പെട്ട ഒരാളുടെ പേരിൽ എന്നെ ഉപേക്ഷിച്ചു. എന്നെയും കുട്ടികളെയും ഉപേക്ഷിച്ചു അവൾ പോയി. എനിക്ക് അവളെ ഇപ്പോഴും ഇഷ്ടമാണ്. അവൾ വീട്ടിലേക്ക് വരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. പക്ഷെ അവൾ വരുമെന്ന് തോന്നുന്നില്ല. എനിക്ക് വലിയ വേദനയുണ്ട്. ഉറങ്ങാൻ സാധിക്കുന്നില്ല. ഇതിൽ നിന്നുള്ള വിടുതൽ എങ്ങനെയാണ് എന്ന് എനിക്ക് അറിയില്ല."

യേശു പറയുന്നത്: "നിന്റെ പ്രിയപ്പെട്ട ഭാര്യ നിന്നെ ഉപേക്ഷിച്ചേക്കാം. പക്ഷെ ഞാൻ നിന്നെ ഉപേക്ഷിക്കയില്ല. നിനക്കു ചുറ്റുമുള്ള മതിലുകൾ എപ്പോഴും സുരക്ഷിതമായിരിക്കും."

പതിറ്റാണ്ടുകളായി മദ്യപാനികളായ ഭർത്താക്കന്മാരോടൊപ്പം ജീവിക്കുന്ന സ്ത്രീകളിൽ നിന്ന് അനേകം കത്തുകൾ ഞങ്ങൾക്കു ലഭിക്കുന്നുണ്ട്. അവരുടെ നിരാശയെക്കുറിച്ച് വായിക്കുമ്പോൾ ഞാൻ ചോദിക്കുകയാണ് "പ്രത്യാശയുടെ ഒരു അടയാളവുമില്ലാതെ ഈ വിശ്വസ്തരായ സ്ത്രീകൾ ഇത്രയും കാലം കഷ്ടപ്പെടേണ്ടിവരുന്നത് എന്തുകൊണ്ട്?" എന്റെ ഭാര്യയ്ക്ക് ഇത്രയധികം ശാരീരിക ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നത് എന്തുകൊണ്ടാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അവളുടെ ശരീരത്തിൽ ഇരുപത്തിയെട്ട് ശസ്ത്രക്രീയകൾ നടന്നതിൽ ആറെണ്ണം ക്യാൻസറിനാണ്. നാൽപതു വർഷത്തിലേറെയായി അസഹ്യമായ വേദന! എന്തുകൊണ്ടാണ് അവൾ ഇങ്ങനെ കഷ്ടപ്പെടുന്നതെന്ന് ഒരു ശുശ്രൂഷകനും ദൈവശാസ്ത്ര പണ്ഡിതനും പറയാൻ കഴിഞ്ഞിട്ടില്ല".

നമ്മളോരോരുത്തരും എന്തിലൂടെയൊക്കെ കടന്നുപോകേണ്ടിവരുമെന്നോ എത്ര കാലം സഹിച്ചുനിൽക്കേണ്ടി വരുമെന്നോ എനിക്കറിയില്ല.

എല്ലാറ്റിനുമപ്പുറം ഒരു കാര്യം സത്യമാണ്:

**എല്ലാറ്റിലും നമ്മെ നിലനിറുത്തുവാൻ ദൈവകൃപ മാത്രം മതി.**

അപ്പൊസ്തലനായ പൗലൊസ് ദൈവത്തോട് ഇങ്ങനെ കരഞ്ഞ് അപേക്ഷിച്ചു: "കർത്താവെ എന്റെ ജഢത്തിലെ ഈ മുള്ളിൽ നിന്ന് എന്നെ വിടുവിക്കാൻ മനസ്സാകേണമേ" എന്ന് അപേക്ഷിച്ചു. എന്നാൽ **എന്റെ കൃപ നിനക്കു മതി** (2 കൊരിന്ത്യർ 12:9) എന്നായിരുന്നു അവന്റെ മറുപടി. "പൗലോസേ, ഈ മുള്ളും വച്ചു തന്നെ നീ ജീവിക്കും എന്നായിരുന്നു ദൈവം തന്റെ ശുശ്രൂഷകനോട് പറഞ്ഞത്. നിന്റെ വേദനയുടെ മദ്ധ്യേ നിനക്ക് ആവശ്യമായ എല്ലാ കൃപകളും അനന്തമായി ഞാൻ നൽകും."

ദൈവത്തിന്റെ കൃപ എന്നത് മറ്റുള്ള എല്ലാ വിടുതലിനെക്കാളും ശക്തമാണ്. അത് എന്തുകൊണ്ടാണ്? അവന്റെ കൃപ എന്നത് അവൻ ആരാണെന്നുള്ളതിനെക്കുറിച്ചുള്ള പൂർണ്ണ വെളിപ്പെടുത്തലാണ്. ലളിതമായി പറഞ്ഞാൽ ദൈവത്തിന്റെ കൃപ യേശുവിലൂടെ വെളിപ്പെടുത്തി - എല്ലാ വിശുദ്ധിയിലും ആർദ്രവും അനുകമ്പയുള്ള ഹൃദയത്തിലൂടെയും!

നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് നമ്മുടെ ഓരോ കഷ്ടപ്പാടുകളും കാണുകയും അവൻ നമുക്ക് ഈ അത്ഭുതകരമായ വാഗ്ദാനങ്ങൾ നൽകുകയും ചെയ്യുന്നു.

**നീതിമാന്മാരുടെ രക്ഷ യഹോവയിങ്കൽ നിന്നു വരുന്നു; കഷ്ടകാലത്തു അവൻ അവരുടെ ദുർഗ്ഗം ആകുന്നു** (സങ്കീർത്തനം 37:39).

**...ഞാൻ നിങ്ങളെ ഒരുനാളും കൈവിടുകയില്ല; ഉപേക്ഷിക്കയുമില്ല എന്നു അവൻ തന്നെ അരുളിച്ചെയ്തിരിക്കുന്നുവല്ലോ. ആകയാൽ കർത്താവു എനിക്കു തുണ; ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോടു എന്തു ചെയ്യും** (എബ്രായർ 13:5,6).

**ഞാൻ നിന്നോടുകൂടെ ഉണ്ടു; ഭ്രമിച്ചു നോക്കേണ്ട, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈ കൊണ്ടു ഞാൻ നിന്നെ താങ്ങും** (യെശയ്യാവു 41:10).

**നിന്നോടു കോപിച്ചിരിക്കുന്ന എല്ലാവരും ലജ്ജിച്ചു അമ്പരന്നുപോകും; നിന്നോടു വിവാദിക്കുന്നവർ നശിച്ചു ഇല്ലാതെയാകും** (യെശയ്യാവു 41:11).

**ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലങ്കൈ കൊണ്ടു ഞാൻ നിന്നെ താങ്ങും... എളിയവരും ദരിദ്രന്മാരുമായവർ വെള്ളം തിരെഞ്ഞുനടക്കുന്നു; ഒട്ടും കിട്ടായ്കയാൽ അവരുടെ നാവു വായ് കൊണ്ടു വരണ്ടുപോകുന്നു. യഹോവയായ ഞാൻ അവർക്കു ഉത്തരം അരുളും; യിസ്രായേലിന്റെ ദൈവമായ ഞാൻ അവരെ കൈവിടുകയില്ല** (യെശയ്യാവു 41:10-13, 17).

യേശുക്രിസ്തുവിന്റെ കൃപയാൽ നിങ്ങൾക്കു ഏതു സാഹചര്യത്തെയും പ്രതിസന്ധിയെയും ദുരന്തത്തെയും അതിജീവിക്കുവാൻ കഴിയും. നിങ്ങളുടെ വഴി എന്തുതന്നെയായാലും, കൃപയും പരിശുദ്ധാത്മാവിന്റെ ആശ്വാസവും നിങ്ങൾക്കായി അവന്റെ പക്കൽ ധാരാളം ഉണ്ട്.

**അതുകൊണ്ടു അവൻ തക്കസമയത്തു നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴു താണിരിപ്പിൻ** (1 പത്രൊസ് 5:6).

**അതുകൊണ്ടു മഹാപ്രതിഫലമുള്ള നിങ്ങളുടെ ധൈര്യം തള്ളിക്കളയരുതു** (എബ്രായർ 10:35)

♦♦♦♦♦♦♦♦

RNI.No.55468/94, Postal Regn.No.TN/CH/(C)/199/21-23 WPP.No.TN/PMG(CCR)/WPP-221/21-23

## വിളിയുടെ പ്രതിധ്വനി

**യുട്യൂബ്**

**ദയവായി വരിക്കാരാകുക**

വിളിയുടെ പ്രതിധ്വനിയുടെ യുട്യൂബ് ചാനൽ കാണുകയും വരിക്കാരാകുകയും ചെയ്യുവിൻ

- എഡിറ്റർ

## OUR BANK DETAILS:

### *1. Bank : State Bank of India*

Branch : Triplicane, Chennai-5
Name : S. Sam Selva Raj
A/C No. : 1023 2934 679
IFSC : SBIN 00 00 249
SWIFT CODE : SBI NIN BB 455

### *2. Bank : ICICI Bank*

Branch : Anna Salai, Chennai-6
Name : Echo of His Call
A/C No. : 6038 0502 2319
IFSC : ICIC 000 6038

### *3. Bank : State Bank of India*

(This Account is for Tax Exemption for Indians only )

Branch : Triplicane, Chennai-5
Name : Echo of His Call Educational Trust
A/C No. : 1023 2923 805
IFSC : SBIN 00 00 249

Google Pay: 98410 71858
PayPal : SAM SELVA RAJ
*****
E.mail : sam@echoofhiscall.org

# വിളിയുടെ പ്രതിധ്വനി

**16 ഭാഷകളിലെ മാസിക, ബൈബിൾ കോളേജുകൾ, പോസ്റ്റൽ കോഴ്സുകൾ, സഭ സ്ഥാപിക്കുക, വില്ലേജ് ഇംഗ്ലീഷ് ഹൈസ്കൂൾ, സുവിശേഷ അച്ചടിശാല, ക്രൂസേഡുകൾ, സെമിനാറുകൾ, സാമൂഹ്യസേവനം മുതലായവ**

വാർഷിക വരിസംഖ്യ : 100/- രൂപ ആയുഷ്കാല വരിസംഖ്യ : 2000/- രൂപ

നിങ്ങളെപ്പോലെയുള്ള ദൈവമക്കളുടെ സഹായവും ഉദാരമായ സംഭാവനയുമാണ് **വിളിയുടെ പ്രതിധ്വനി**യുടെ വൈവിധ്യമുള്ള പ്രവർത്തനങ്ങൾക്കു സഹായകമായിട്ടുള്ളത്. ദൈവം പ്രേരിപ്പിക്കുന്നതുപോലെ **വിളിയുടെ പ്രതിധ്വനി** പ്രവർത്തനങ്ങളെ സഹായിക്കുവിൻ. സുവിശേഷം ഇതുവരെയും എത്തിച്ചേരാത്ത സ്ഥലങ്ങളിൽ സുവിശേഷം എത്തിക്കുവാനും സഭകൾ സ്ഥാപിക്കുവാനും നിങ്ങളുടെ സഹായം ആവശ്യമാണ്.

**വിളിയുടെ പ്രതിധ്വനി** മാസിക തുടർച്ചയായി ലഭിക്കണമെങ്കിൽ ഞങ്ങൾക്ക് എഴുതുവിൻ. നിങ്ങളുടെ വിലാസം മാറുമ്പോൾ പഴയതും പുതിയതുമായ വിലാസങ്ങളും ഇമെയിൽ അഡ്രസും അറിയിക്കുവിൻ.

ഞങ്ങളുടെ വെബ്സൈറ്റിൽ 16 ഭാഷകളിലെ മാസികകളും ലഭ്യമാണ്. വെബ്സൈറ്റിൽ കയറി നിങ്ങൾക്ക് അത് വായിക്കുകയും ഡൗൺലോഡ് ചെയ്യുകയും ചെയ്യാവുന്നതാണ്.

നിങ്ങളുടെ കത്തുകൾ, പ്രാർത്ഥനാ ആവശ്യങ്ങൾ, സാമ്പത്തിക സഹായം **ഡിമാന്റ് ഡ്രാഫ്റ്റ്, ചെക്ക്, മണി ഓർഡർ, പെ പാൽ (Sam Selva Raj, sam@echoofhiscall.org), നെഫ്റ്റ്, ഫോൺ പെ (9841071858) , ഗൂഗിൾ പെ (9841071858), വെസ്റ്റേൺ യൂണിയൻ മണിഗ്രാം** തുടങ്ങിയവയിലൂടെ താഴെ കാണുന്ന വിലാസത്തിൽ ദയവായി അയക്കുവിൻ.

നിങ്ങളുടെ ഫോൺ/മൊബൈൽ നമ്പർ, ഇമെയിൽ അഡ്രസ് തുടങ്ങിയവ അയച്ചുതരിക.

ECHO OF HIS CALL
10, MOHAMMED ABDULLAH 2nd STREET, CHEPAUK
CHENNAI - 600 005, INDIA
PH : (+91-44) 2852 8282, 2852 9293, 2854 7766
CELL : (+91) 98410 71852, 95661 31858
E-mails : sam@echoofhiscall.org / biblecor@yahoo.co.in
Websites : www.echoofhiscall.org / www.stpaulsmatriculation.com

**YOU CAN SEND YOUR DONATION ONLINE ALSO**

Regd. with the RNI under No. 55468/94
Licenced to post without pre-payment
Postal Regn. No. TN/CH (C) /199/21-23
Licence No. WPP. No. TN/PMG(CCR)/WPP-221/21-23
Date of Publication: First week of every month
Date of Posting : 3rd & 4th of every month Posted at
"Egmore RMS / 1 Patrika Channel"
on 4th SEPTEMBER, 2023.
If un-delivered please return to:
ECHO OF HIS CALL (MALAYALAM)
P.O. Box No. 2957, Chepauk, Chennai - 600 005, INDIA.
Phone: (+ 91- 44) 2852 8282, 2852 9293, 2854 7766

*JESUS LOVES YOU!*

To

*GOD BLESS YOU!*

Owned and published by **S. Sam Selva Raj** from New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005 and printed by **S. Sam Selva Raj** at **Echo of His Call Printers,** New No. 8 & 10, Old No.18 & 19, Mohammed Abdullah 2nd Street, Chepauk, Chennai-600 005. Editor: **S. Sam Selva Raj.**